പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2499 **27-10-2026-ൽ മറുപടിയ്ക്ക്**

കേഷിന്റെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ നേതൃത്വത്തിലുള്ള പ്രൊഫഷണൽ കോളേജ്, ആശുപത്രി എന്നിവയുടെ നല്ലനടത്തിപ്പിന് ഭരണപരമായും സാമ്പത്തികപരമായും ആസൂത്രണപരമായും എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനും ആസൂത്രണപരമായും ഭരണപരമായും സാമ്പത്തികപരമായും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) ഭരണപരമായ നടപടികൾ

പ്രവേശന നടപടികൾ പൂർത്തിയായശേഷം ഓരോ കോളേജിലെയും ബ്രാഞ്ച് തിരിച്ചുള്ള പ്രവേശനനിലയും പ്രവേശനശതമാനവും വിശകലനം ചെയ്യുന്നു. KTU പരീക്ഷാഫലങ്ങൾ, വിജയശതമാനം, സർവകലാശാലാ റാങ്കുകൾ, കോളേജുകളുടെ അക്കാദമിക പ്രകടനം എന്നിവ ബന്ധപ്പെട്ട കോളേജ് കൗൺസിലിൽ വിലയിരുത്തുകയും പ്രിൻസിപ്പൽമാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്യുന്നു. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യകത, തൊഴിൽസാധ്യത, അധ്യാപകരുടെ ലഭ്യത, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു. വിലയിരുത്തലുകളിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും തുടർന്ന് CAPE എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട സർവകലാശാല, AICTE, ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ അനുമതിക്കായി അപേക്ഷകൾ സമർപ്പിക്കുന്നു.

(2) സാമ്പത്തിക നടപടികൾ

സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തിനുശേഷം അനുവദിച്ച വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിനും പ്രത്യേക ബജറ്റ് തയ്യാറാക്കുന്നു. സ്ഥാപനങ്ങളുടെ വരുമാനം, ചെലവ്, ഫീസ് ഘടന, സാമ്പത്തിക ആവശ്യകതകൾ എന്നിവ അവലോകനം ചെയ്ത് ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ അടിയന്തര ഉപകരണവാങ്ങലുകൾ, അടിസ്ഥാനസൗകര്യ വികസനം, സാഗര ആശുപത്രിയുടെ പ്രവർത്തന-വികസന ആവശ്യങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ സാമ്പത്തിക

സഹായത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽനിന്ന് ധനസഹായം അനുവദിക്കുന്നതും പരിഗണിക്കുന്നു.

3) ആസൂത്രണപരമായ നടപടികൾ

പുതിയ കോഴ്സുകൾ, അധിക ബാച്ചുകൾ, അടിസ്ഥാനസൗകര്യ വികസനം, ഉപകരണങ്ങൾ വാങ്ങൽ, സാഗര ആഴ്ചപത്രിയുടെ വികസനം തുടങ്ങിയവ സംബന്ധിച്ച് സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന പ്രൊപ്പോസലുകൾ ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ച് ആവശ്യകതയും മുൻഗണനയും അടിസ്ഥാനമാക്കി ക്രോഡീകരിക്കുന്നു. തുടർന്ന് അംഗീകാരത്തിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുമായി പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടെ പ്ലാൻ ബജറ്റ് ഗ്രാന്റായി ലഭിക്കുന്ന തുക കേപ്പ് സ്ഥാപനങ്ങളുടെ വികസനത്തിനായി വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ വിനിയോഗിക്കുന്നു.

പുതിയ പദ്ധതികളുടെ ആവശ്യകത, സാമ്പത്തിക സാധ്യത, വിദ്യാർത്ഥികളുടെ ആവശ്യകത, തൊഴിൽസാധ്യത എന്നിവ വിലയിരുത്തി CAPE എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കും അംഗീകാരത്തിനും വിധേയമാക്കുന്നുണ്ട്. സഹകരണ വകുപ്പ് മന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി തലത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനവും വികസന നിർദ്ദേശങ്ങളും അവലോകനം ചെയ്ത് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നു. ഭാവി പദ്ധതികളുടെ ആസൂത്രണത്തിന്റെ ഭാഗമായി സാഗര ആഴ്ചപത്രിയുടെയും ആലപ്പുഴ, പെരുമൺ എഞ്ചിനീയറിംഗ് കോളേജുകളുടെയും സമഗ്ര വികസനത്തിനുള്ള പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേപ്പിന്റെ ഘടനാപരമായ നേതൃത്വവും അതിന്റെ പ്രവർത്തനങ്ങളും പരിശോധന വിഷയമാക്കാറുണ്ടോ; എങ്കിൽ, അവയിൽ കണ്ടെത്തിയ ന്യൂനതകൾ വ്യക്തമാക്കാമോ;

<u>മറുപടി:</u> CAPE മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമതയും സഹകരണ വകുപ്പ് മന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിൽ നിരന്തരം വിലയിരുത്തിവരുന്നു. സ്ഥാപനങ്ങളുടെ അക്കാദമിക നിലവാരം, ഭരണനിർവഹണം, സാമ്പത്തിക മാനേജ്മെന്റ്, അടിസ്ഥാനസൗകര്യ വികസനം എന്നിവ വിലയിരുത്തി ആവശ്യമായ മാർഗനിർദ്ദേശങ്ങളും തിരുത്തൽ നടപടികളും നിർദ്ദേശിച്ചുവരുന്നു.

(സി) കേപ്പിന്റെ നേതൃത്വത്തിലുള്ള പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പ്രൊഫഷണലുകൾ അല്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കുന്ന രീതി പ്രോത്സാഹിപ്പിക്കാറുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> CAPE-ന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പും ഭരണപരമായ മികവും ഉറപ്പാക്കുന്നതിനായി, പ്രധാന തസ്തികകളിൽ തെളിയിക്കപ്പെട്ട പ്രവർത്തനപരിചയവും ഭരണനൈപുണ്യവുമുള്ള പ്രൊഫഷണലുകളെയാണ് നിയമിക്കുന്നതിന് മുൻഗണന നൽകിവരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സർവീസിൽ മുതിർന്ന തസ്തികകളിൽ സേവനമനുഷ്ഠിച്ച് വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനവും ആവശ്യാനുസരണം പ്രയോജനപ്പെടുത്തിവരുന്നു.

CAPE ഹെഡ് ഓഫീസിലും കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും പ്രധാന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഇത്തരം ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

നമ്പർ	തസ്തിക	പേര്	യോഗ്യത
1	ഡയറക്ടർ ഇൻ ചാർജ്	ഡോ.ജയകുമാർ.എസ്.	1.റിട്ടയർ പ്രിൻസിപ്പൽ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ 2. ഡയറക്ടർ, SPFU Kerala (TEQIP II (പ്രിൻസിപ്പൽ തസ്തികയിൽ 10 വർഷത്തിലധികം പ്രവർത്തന പരിചയം)
2	സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	ശ്രീമതി. മുംതാസ്' ബീഗം	ഗവൺമെന്റ്സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പ് റിട്ടേർഡ് അഡീഷണൽസെക്രട്ടറി.
3	സീനിയർഫിനാൻസ് ഓഫീസർ	ശ്രീ. ആർ.ഗോപകുമാർ	ധനകാര്യവകുപ്പ്. കേരള ജനറൽസർവ്വീസിലെ റിട്ടേർഡ് സീനിയർ ഫിസാൻസ് ഓഫീസർ

<u>സ്ഥാപനങ്ങളിലെ മേലധികാരികളുടെ വിവരങ്ങൾ</u>

നം.	സ്ഥാപനം	പ്രിൻസിപ്പാൾ/ ഡയറക്ടർ	യോഗ്യത	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	യോഗ്യത
1	കോളേജ് ഓഫ് എഞ്ചിനീറിംഗ്, മുട്ടത്തറ	ഡോ. പ്രസീദ ലക്ഷമി വി. പ്രിൻസിപ്പൽ ഇൻചാർജ്	പി.എച്.ഡി പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ	ശ്രീ.കെ. രാജഗോപാലൻ നായർ	റിട്ട; അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
2	കോളേജ് ഓഫ് എഞ്ചിനീറിംഗ്, പെരുമൺ	ഡോ. ബിജോയ്എബ്രഹാം, പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ഡി അസ്സോസിയേറ്റ് പ്രൊഫസർ ഇൻ കംപ്യൂട്ടർ സയൻസ്	ശ്രീ. രാജേഷ്കുമാർ കെ.ജി	റിട്ട; ഇൻസ്പെക്ടർ (കെ.എസ്.ആർ. ടി.സി)
3	കോളേജ്ഓഫ് എഞ്ചിനീറിംഗ്, പത്തനാപുരം	ഡോ.രജീഷ് ജെ പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്.ഡി പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ	ശ്രീ.സനിൽ. എസ്	റിട്ട. VHSE ടീച്ചർ

4	കോളേജ് ഓഫ് എഞ്ചിനീറിംഗ്, കിടങ്ങൂർ	ഡോ.ഓജസ് തോമസ് പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രഫസർ ഇൻ കംപ്യൂട്ടർ സയൻസ്	ശ്രീ സിബിമോൻ.പി	റിട്ട. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
5	കോളേജ് ഓഫ് എഞ്ചിനീറിംഗ്, ആറൻമുള	ഡോ.റിനി ജോൺസ്.എസ് .ബി. പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രൊഫസർ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ	ശ്രീ സുവിൻ സുന്ദർ	CAPE Regular Service
6	കോളേജ്ഓഫ് എഞ്ചിനീറിംഗ്, ആലപ്പുഴ	ഡോ. സുരേഷ് കുമാർ എൻ. പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രഫസർ ഇൻ കംപ്യൂട്ടർ സയൻസ്		
7	കോളേജ്ഓഫ് എഞ്ചിനീറിംഗ്, വടകര	ഡോ. സ്മിത.സി.കെ പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രൊഫസർ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ	ശ്രീ. ഹരിദാസൻ.ഇ. കെ	റിട്ട. സെക്ഷൻ ഓഫീസർ (HG) കണ്ണൂർ യൂണിവേഴ്സിറ്റി
8	കോളേജ്ഓഫ് എഞ്ചിനീറിംഗ്, തലശ്ശേരി	ഡോ.വിനോദ് പൊട്ടക്കൊളത് പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രൊഫസർ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ	ശ്രീ. ഉണ്ണികൃഷ്ണൻ. സി	റിട്ട. ഡെപ്യൂട്ടി കമ്മീഷണർ (ഓഡിറ്റ്) ജി.എസ്.ടി ഡിപ്പാർട്ട്മെന്റ്
9	കോളേജ്ഓഫ് എഞ്ചിനീറിംഗ്, തൃക്കരിപ്പൂർ	ഡോ. നവീന.എ.കെ. പ്രിൻസിപ്പൽ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രഫസർ ഇൻ കംപ്യൂട്ടർ സയൻസ്	നാരായണൻ കുട്ടി, മണിയെരി	റിട്ട. സീനിയർ സൂപ്രണ്ട്, ജുഡീഷ്യറി വകുപ്പ്
10	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, പുന്നപ്ര	ഡോ.ഇന്ദുലേഖ ആർ. ഡയറക്ടർ ഇൻ ചാർജ്	പി.എച്ച്.ഡി. അസ്സോസിയേറ്റ് പ്രൊഫസർ ഇൻ എംബിഎ		
11	കേപ്പ് കോളേജ് ഓഫ്	ഡോ. സുബാഷ് ഇന്ദ്രകുമാർ	പി.എച്ച്.ഡി.		

	നെഴ്സിംഗ്, പത്തനാപുരം	സി.എൽ പ്രിൻസിപ്പാൽ			
12	കേപ്പ്കോളേജ് ഓഫ് നഴ്സിംഗ്, ആറന്മുള	പ്രൊഫസർ. ബറ്റ്സിസാം പ്രിൻസിപ്പാൽ	പി.എച്ച്.ഡി.		
13	കേപ്പ്കോളേജ് ഓഫ് നഴ്സിംഗ്, ആലപ്പുഴ	പ്രൊഫസർ. റൂബിജോൺ പ്രിൻസിപ്പാൽ	പി.എച്ച്.ഡി.		

<u>സാഗര ആശുപത്രി</u>

ഡോ. കെ എസ് മനോജ്	അഡ്മിനിസ്ട്രേറ്റർ	കൺസൾട്ടന്റ് അനസ്തേഷ്യോളജിസ്റ്റ്, മുൻ പാർലമെന്റ് അംഗം.
ശ്രീ. T K ഗോപാലകൃഷ്ണൻ നായർ	സെക്രട്ടറി	റിട്ടയേർഡ് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
ശ്രീ. രാമഭദ്രൻ ബി	ലേ സെക്രട്ടറി	റിട്ടയേർഡ് ജില്ലാ ട്രഷറി ഓഫീസർ

(ഡി) കേപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വാർഷിക വരുമാനത്തിലധികരിച്ചുള്ള ചെലവ് പരിഹരിക്കാൻ എന്ത് നയമാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

<u>മറുപടി:</u> CAPE-ന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനച്ചെലവുകൾ വർധിക്കുന്ന സാഹചര്യത്തിൽ, വരുമാനവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനും തനത് വരുമാനം വർധിപ്പിക്കുന്നതിനും ചെലവുകൾ യുക്തിസഹമായി ക്രമീകരിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

സർക്കാർ ധനസഹായം: സ്ഥാപനങ്ങളുടെ പ്രവർത്തനച്ചെലവുകൾ നിറവേറ്റുന്നതിനായി പ്ലാൻ, നോൺ-പ്ലാൻ വിഭാഗങ്ങളിൽ സർക്കാർ ധനസഹായം ലഭ്യമാക്കിവരുന്നു. കൂടാതെ, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽനിന്ന് പ്രതിവർഷം കുറഞ്ഞത് ₹16 കോടി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ബാങ്ക് ഓവർഡ്രാഫ്റ്റ് സൗകര്യം: താൽക്കാലിക സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിനും പണമൊഴുക്ക് ക്രമീകരിക്കുന്നതിനുമായി കേരള ബാങ്കിന്റെ ആലപ്പുഴ ശാഖയിൽ ₹10 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് സൗകര്യം നിലനിർത്തിയിട്ടുണ്ട്.

പരിശീലന പരിപാടികൾ: SKDC മുഖേന സഹകരണ മേഖലയിലെ ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ, വയോജന പരിചരണ പരിശീലനം, നഴ്സിംഗ് അസിസ്റ്റന്റ് പരിശീലനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള പരിശീലനം,

കമ്പ്യൂട്ടർ അടിസ്ഥാനപരിശീലനം തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. ഇത്തരം പരിശീലന പരിപാടികളിലൂടെ വരുമാനം വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നു.

കൺസൾട്ടൻസി, പരിശോധനാ സേവനങ്ങൾ: പ്രത്യേകിച്ച് സിവിൽ എൻജിനീയറിംഗ് മേഖലയിലെ സാങ്കേതിക കൺസൾട്ടൻസി, പരിശോധനാ സേവനങ്ങൾ എന്നിവ വിപുലീകരിച്ച് തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിവരുന്നു.

പുതിയ കോഴ്സുകളും ഫീസ് പുനഃക്രമീകരണവും: വിദ്യാർത്ഥികളുടെ ആവശ്യകതയും തൊഴിൽസാധ്യതയും പരിഗണിച്ച് BSc നഴ്സിംഗ് പോലുള്ള കോഴ്സുകൾ ആരംഭിച്ചുവരുന്നു. നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് തുടങ്ങിയ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനും ആവശ്യാനുസരണം അധിക ബാച്ചുകൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി, പ്രവർത്തനച്ചെലവ്, വിദ്യാർത്ഥികളുടെ താൽപര്യം എന്നിവ പരിഗണിച്ച് ട്യൂഷൻ ഫീസ് യുക്തിസഹമായി പുനഃക്രമീകരിച്ചിട്ടുമുണ്ട്.

മേൽപ്പറഞ്ഞ നടപടികളിലൂടെ സർക്കാർ ധനസഹായം, തനത് വരുമാന വർധന, കോഴ്സ് വികസനം, ചെലവ് നിയന്ത്രണം എന്നിവ സംയോജിപ്പിച്ച് CAPE സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ വരവ് ചെലവ് കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ആയത് പ്രകാരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പുന്നപ്ര (CEMP) 2020-21 മുതൽ 2025-26 വരെ തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സാഗര ആശുപത്രി 2020-21 മുതൽ 2025-26 വരെ നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.

(ഇ) കേപ്പിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി ഒരു ധവളപത്രം ഇറക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> കേപ്പിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി ഒരു ധവളപത്രം ഇറക്കുന്നത് പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

Annexure

Co-operative Academy of Professional Education (CAPE) Income & Expenditure statement of CAPE Institutions in Punnapra Campus as per Audit statement during the last six years.			
2020-21			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	3,13,73,568	7,76,95,478	-4,63,21,910
IMT	67,92,951	86,52,532	-18,59,581
KIMB/SKDC	52,30,106	24,58,399	27,71,707
Sagara hospital	13,22,70,143	15,85,96,291	-2,63,26,148
2021-22			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	2,66,03,971	8,17,46,954	-5,51,42,983
IMT	90,20,752	1,01,65,932	-11,45,180
KIMB/SKDC	9,84,105	14,62,806	-4,78,701
Sagara hospital	13,59,26,301	15,69,01,148	-2,09,74,847
2022-23			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	3,30,02,608	8,42,92,787	-5,12,90,179
IMT	1,31,20,136	1,03,88,341	27,31,795
KIMB/SKDC	74,74,342	71,89,021	2,85,321
Sagara hospital	13,29,46,638	15,68,26,563	-2,38,79,925
2023-24			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	3,48,67,108	8,63,60,193	-5,14,93,085
IMT	91,02,842	93,44,737	-2,41,895
KIMB/SKDC	35,22,707	39,59,455	-4,36,748
Sagara hospital	12,65,87,863	15,03,72,650	-2,37,84,787
CAPE Nursing college, Alappuzha	43,62,901	52,00,931	-8,38,030

2024-25			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	4,20,04,918	8,66,58,016	-4,46,53,098
IMT	1,05,54,884	95,92,678	9,62,206
KIMB/SKDC	31,31,992	36,08,483	-4,76,491
Sagara hospital	12,48,00,983	14,76,08,346	-2,28,07,363
CAPE Nursing college, Alappuzha	94,05,221	77,32,511	16,72,710
2025-26			
Institution / Unit	**Total income**	**Total expenses**	**Surplus/deficit**
CEMP	4,74,72,938	8,62,15,987	-3,87,43,049
IMT	99,73,937	96,09,538	3,64,399
KIMB/SKDC	25,86,806	29,13,167	-3,26,361
Sagara hospital	13,28,77,245	15,07,70,350	-1,78,93,105
CAPE Nursing college, Alappuzha	1,58,50,795	1,10,43,143	48,07,652